# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 642 | 11.06.2014-ൽ മറുപടിക്ക്

**എൻ.ആർ.എച്ച്.എം. പദ്ധതി ഫണ്ടിന്റെ ഉപയോഗം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന എൻ.ആർ.എച്ച്.എം. പദ്ധതി ഫണ്ടിൽ എന്തെങ്കിലും കുറവ് വന്നിട്ടുണ്ടോ ; | (എ) | നടപ്പ് സാമ്പത്തിക വർഷത്തിൽ എൻ.ആർ. എച്ച്.എം. പദ്ധതികളുടെ അംഗീകാരം ഇതുവരെ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടില്ല. ഇത് ലഭിച്ച തിന് ശേഷം മാത്രമേ പദ്ധതി ഫണ്ടിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കുറവുകൾ ഉണ്ടായി ട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിയുകയുള്ളൂ. |
| (ബി) | ഫണ്ട് ഉപയോഗിച്ച് ശമ്പളം നൽകിയിരുന്ന ആയുഷ് പദ്ധതിയിലെ ആയുർവ്വേദ തെറാപ്പിസ്റ്റുകളെ പിരിച്ചു വിട്ടിട്ടുണ്ടോ ; | (ബി) | കരാർ അടിസ്ഥാനത്തിലാണ് എൻ.ആർ. എച്ച്.എം. തെറാപ്പിസ്റ്റുകളെ നിയമിച്ചിട്ടുള്ളത്. ഇവർക്ക് ആയുഷ് ഫണ്ടിൽ നിന്നുമാണ് ശമ്പളം നൽകിയിരുന്നത്. എന്നാൽ ആയുഷ് ഫണ്ട് ലഭ്യമല്ലാത്തതിനാൽ എൻ.ആർ.എച്ച്.എം -ൽ നിന്നും തെറാപ്പിസ്റ്റുകൾക്ക് കരാർ പുതുക്കി നൽകിയിട്ടില്ല. ആയതിനാൽ സ്വയം പിരിഞ്ഞു പോകുകയാണ് ഉണ്ടായിട്ടുള്ളത്. |
| (സി) | എത്രപേരെ പിരിച്ചുവിട്ടു ; | (സി) | പിരിച്ചുവിട്ടിട്ടില്ല |
| (ഡി) | ഇതുമൂലം ഗ്രാമീണമേഖലയിലെ ആയുർ വ്വേദ ആശുപത്രികളുടെ പ്രവർത്തനം നിശ്ചലമായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ഗ്രാമീണ മേഖലയിലെ ആയുർവേദ ആശുപത്രി കളുടെ പ്രവർത്തനം നിശ്ചലമായിട്ടില്ല. |
| (ഇ) | ഇത്തരം ജീവനക്കാരെ നിലനിർത്തി ആശുപത്രി പ്രവർത്തനം സുഗമമാക്കു ന്നതിന് സർക്കാർ നടപടി സ്വീകരിച്ചി ട്ടുണ്ടോ ; | (ഇ) | |
| (എഫ്) | ഇതിനായി എന്തെല്ലാം ബദൽ സംവി ധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് ? | (എഫ്) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ